പതിനാലാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-2021)

## ഏഴാമത് റിപ്പോർട്ട്

(2021 ജനുവരി 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## (ശാസ്താംപാറ സാഹസിക വിനോദസഞ്ചാര പരിശീലന അക്കാദമി ആരംഭിക്കുന്നത് സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-2021)

## എഴാമത് റിപ്പോർട്ട്

(2021 ജനുവരി 12-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(ശാസ്താംപാറ സാഹസിക വിനോദസഞ്ചാര പരിശീലന അക്കാദമി ആരംഭിക്കുന്നത് സംബന്ധിച്ച്)

76/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1-7 |

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി
# (2019-2021)

## ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.

<u>അംഗങ്ങൾ:</u>

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. കെ. രാജൻ, എം.എൽ.എ.

ശ്രീ. ആർ. രാജേഷ്, എം.എൽ.എ.

ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ.

ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.

ശ്രീ. എം. സ്വരാജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. മാത്യുക്കുട്ടി. ജി., അഡീഷണൽ സെക്രട്ടറി

ശ്രീ. പി. എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി.

## ആമുഖം

കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-2021)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സാഹസിക ടൂറിസം ഇന്ന് ലോകത്ത് ഏറ്റവും വളർച്ചയുള്ളതും യുവജനങ്ങൾക്ക് ഹരമായി മാറിക്കൊണ്ടിരിക്കുന്നതുമാണ്. സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ സാഹസിക വിനോദം വളർച്ചയുടെ പാതയിലാണ്. കൂടാതെ സാഹസിക വിനോദം അത്യധികം ജനശ്രദ്ധയാകർഷിച്ച് കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിലും യുവജനങ്ങൾക്ക് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ടൂറിസം മേഖലയുടെ സംഭാവന വളരെ വലുതാണ്. വരുംവർഷങ്ങളിൽ ഇന്ത്യയുടെ സാഹസിക ടൂറിസം ഭൂപടത്തിൽ കേരളത്തിന് ഗണ്യമായ സ്ഥാനം വഹിക്കാൻ കഴിയും. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ ഒരു സാഹസിക വിനോദസഞ്ചാര പരിശീലന അക്കാദമി നാളിതുവരെ ആരംഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സാഹസിക വിനോദ സഞ്ചാരത്തിന്റെ നിലവാരവും പ്രവർത്തനങ്ങളും മികവുറ്റതാക്കുന്നതിന് സംസ്ഥാനത്ത് ഒരു സാഹസിക വിനോദസഞ്ചാര പരിശീലന അക്കാദമിയുടെ അനിവാര്യത സംബന്ധിച്ച് പഠനം നടത്തുവാൻ സമിതി തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 14-7-2019 മുതൽ 23-7-2019 വരെയുള്ള കാലയളവിൽ സമിതി അഖിലേന്ത്യാ പഠന പര്യടനം നടത്തുകയും വിവിധ സാഹസിക പരിശീലന അക്കാദമികൾ സന്ദർശിക്കുകയും ചെയ്തു. ആയതിന്റെ വെളിച്ചത്തിൽ സാഹസിക വിനോദ സഞ്ചാര പരിശീലന അക്കാദമി സംസ്ഥാനത്ത് ആരംഭിക്കേണ്ടതിന്റെ അവശ്യകത ബോധ്യപ്പെടുകയുണ്ടായി. തുടർന്ന് സംസ്ഥാനത്തെ ആദ്യ സാഹസിക വിനോദ പരിശീലന അക്കാദമിക്കായി നിശ്ചയിക്കപ്പെട്ട തിരുവനന്തപുരത്തെ വിളപ്പിൽശാല വില്ലേജിൽ സ്ഥിതി ചെയ്യുന്ന ശാസ്താംപാറ 4-9-2019-ൽ സമിതി സന്ദർശിക്കുകയും പ്രസ്തുത അക്കാദമി സ്ഥാപിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

16-9-2020-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു

ടി. വി.. രാജേഷ്,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 12.

# റിപ്പോർട്ട്

ആരോഗ്യമുള്ള യുവജനങ്ങൾ നാടിന്റെ സമ്പത്താണ്. ആരോഗ്യമുള്ള യുവജനങ്ങളെ വാർത്തെടുക്കുന്നതിൽ വിനോദ സഞ്ചാര മേഖല സുപ്രധാന പങ്ക് വഹിക്കുന്നു. അതിൽ സാഹസിക വിനോദം യുവജനങ്ങളെ ഉന്മേഷവാൻമാരും സാഹസികരുമാക്കുന്നു. ഗതാഗത മേഖലയിൽ ഉണ്ടായ വളർച്ചയും വിവരസാങ്കേതിക വിദ്യയിലുണ്ടായ കുതിച്ചുചാട്ടവും വിനോദ സഞ്ചാര മേഖലയെ ഇന്ന് വളരെ ജനകീയമാക്കി മാറ്റിയിരിക്കുന്നു. വർദ്ധിച്ചു വരുന്ന പരിസ്ഥിതി മലിനീകരണവും മാറിവരുന്ന ജീവിത സാഹചര്യങ്ങളും മനുഷ്യന്റെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് വെല്ലുവിളിയാകുന്ന ഈ കാലഘട്ടത്തിൽ വിനോദ സഞ്ചാരത്തിന്റെ പ്രധാന്യം വളരെ വലുതാണ്. തൊഴിൽ മേഖലയിലും ജീവിത ശൈലിയിലും വന്ന മാറ്റങ്ങൾ മനുഷ്യ ജീവിതത്തിന്റെ പിരിമുറുക്കം കൂട്ടുകയും ആരോഗ്യ പ്രശ്നങ്ങൾ വർദ്ധിച്ചു വരികയും ചെയ്യുന്ന ഇന്ന് മാനസികവും ശാരീരികവുമായ ഉല്ലാസത്തിന്റെ ആവശ്യകത ഏറി വരുന്നു. ആയതിനാൽ വരും കാലഘട്ടങ്ങളിൽ വിനോദസഞ്ചാര മേഖലയുടെ വളർച്ച അനിവാര്യമായിരിക്കുന്നു. സാഹസിക വിനോദസഞ്ചാരം യുവജനങ്ങളുടെ ഇടയിൽ വളരെയധികം പ്രചാരം നേടിക്കൊണ്ടിരിക്കുന്നതാകയാൽ വിനോദസഞ്ചാര മേഖലയിൽ ആഗോള തലത്തിൽ തന്നെ ഇത്രയധികം മുന്നിട്ടു നിൽക്കുന്ന ദൈവത്തിന്റെ സ്വന്തം നാട് (God's own Country) എന്ന് അറിയപ്പെടുന്ന നമ്മുടെ സംസ്ഥാനത്ത് ഒരു സാഹസിക വിനോദസഞ്ചാര പരിശീലന അക്കാദമിയുടെ ആരംഭം അത്യധികം പ്രാധാന്യമർഹിക്കുന്നു.

തിരുവനന്തപുരം നഗരത്തിൽ നിന്നും 14 കി.മി. അകലെയായി വിളപ്പിൽ പഞ്ചായത്തിൽ കുറവിലാഞ്ചി വാർഡിൽ 13 ഏക്കറിൽ സ്ഥിതി ചെയ്യുന്നതും സമുദ്രനിരപ്പിൽ നിന്ന് 400 അടിയിലേറെ ഉയരത്തിലായി, സ്വാഭാവിക വിസ്തൃത പാറപ്പരപ്പും മനോഹരവുമായ ഭൂപ്രകൃതിയും നിറഞ്ഞ ശാസ്താംപാറയിൽ സംസ്ഥാനത്തെ ആദ്യ സാഹസിക വിനോദസഞ്ചാര അക്കാദമി സ്ഥാപിക്കുന്നതിന് എന്തുകൊണ്ടും അനുയോജ്യമാണെന്ന് സ്ഥലം സന്ദർശിച്ച സമിതി വിലയിരുത്തുകയുണ്ടായി.

2. ശാസ്ത്രീയമായി പരിശീലനം ലഭിച്ച പരിശീലകരില്ലാതെ നടത്തുന്ന സാഹസിക വിനോദം അത്യധികം അപകടകരമാണ്. ആയത് കൊണ്ടുതന്നെ സംസ്ഥാനത്തെ ആദ്യ സംരംഭമായ തിരുവനന്തപുരത്തെ ശാസ്താംപാറയിൽ ആരംഭിക്കുന്ന സാഹസിക വിനോദസഞ്ചാര പരിശീലന അക്കാദമി വിനോദസഞ്ചാര മേഖലയുടെ വളർച്ചയ്ക്ക് ഒരു പൊൻതൂവലാകുമെന്നതിൽ സംശയമില്ല.

3. സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധയാകർഷിച്ചിട്ടുള്ളതാണ് പ്രത്യേകിച്ച് യു.കെ., യു.എസ്.എ., ഫ്രാൻസ്, ആസ്ട്രേലിയ

എന്നിവിടങ്ങളിൽ നിന്നും എത്തുന്ന നിരവധി വിനോദ സഞ്ചാരികളുടെ ഏറ്റവും പ്രിയമേറിയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണ് നമ്മുടെ സംസ്ഥാനം കേരളത്തിന്റെ അതിമനോഹരമായ ഭൂപ്രകൃതി, ആകർഷകമായ കാലാവസ്ഥ, കലാസാംസ്കാരിക മേഖല എന്നിവ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ വിശിഷ്ടമാക്കുന്നു. സംസ്ഥാനത്തെ 44 ഓളം വരുന്ന നദികൾ, തടാകങ്ങൾ, പൊഴികൾ, നീണ്ട തീരദേശ മേഖല, നീണ്ട സഹ്യപർവ്വത നിരകൾ, വെള്ളച്ചാട്ടങ്ങൾ, വയലുകൾ, മത്സ്യസമ്പത്ത്, സ്വാദിഷ്ടമായ ഭക്ഷണം എന്നിവ നമ്മുടെ വിനോദ സഞ്ചാര മേഖലയെ കൂടുതൽ വിശിഷ്ടമാക്കുന്നു. കൂടാതെ കേരളത്തിലെ പാരമ്പര്യ ആയുർവേദ ചികിത്സാ രീതി ഏറെ പ്രചാരമേറിയ ഒന്നാണ്. 2016-ലെ വേൾഡ് എക്കണോമിക് ഫോറത്തിന്റെ കണക്ക് പ്രകാരം ലോകത്തിന്റെ ജി.ഡി.പി. (Gross Domestic Product)യുടെ 10 ശതമാനവും സംസ്ഥാനത്തെ ജി.ഡി.പി.യുടെ 10 ശതമാനവും വിനോദ സഞ്ചാരമേഖലയാണ് സംഭാവന ചെയ്യുന്നത്. ലോകത്തിൽ 11 പേരിൽ ഒരാൾ വിനോദ സഞ്ചാര മേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. വിനോദ സഞ്ചാരത്തിന്റെ വളർച്ച, ഗതാഗതം, കമ്മ്യൂണിക്കേഷൻ, അടിസ്ഥാന സൗകര്യ വികസനം, നഗര-ഗ്രാമ ആസൂത്രണം എന്നിവയുമായി വളരെ അധികം ബന്ധപ്പെട്ടിരിക്കുന്നു.

4. സമിതി നടത്തിയ അഖിലേന്ത്യാ പഠന പര്യടന വേളയിൽ ഉത്തരാഖണ്ഡിലെ മസൂരിക്ക് അടുത്തുള്ള 'കെംപ്റ്റി ഫാൾസ്' ഹിമാലയൻ അഡ്വഞ്ചർ അക്കാദമി സമിതി സന്ദർശിക്കുകയും പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന് വലിയ സാധ്യത ഉണ്ടെന്ന് കണ്ടെത്തുകയുണ്ടായി. കൂടാതെ സംസ്ഥാനത്ത് സാഹസിക ടൂറിസത്തിന് ഒരു ട്രെയിനിംഗ് അക്കാദമി നിലവിലില്ലാത്തതിനാൽ ആ കുറവ് നികത്തുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ശാസ്താംപാറയാണ് അഡ്വഞ്ചർ ടൂറിസം അക്കാദമിക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ സാഹസിക ടൂറിസത്തിന് ഏറ്റവും അനുയോജ്യമാണെന്ന് സമിതി വിലയിരുത്തുകയുമുണ്ടായി. 4-9-2019-ൽ സമിതി ശാസ്താംപാറ സന്ദർശനം നടത്തുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും അന്നേ ദിവസം തെളിവെടുപ്പ് നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും കണ്ടെത്തലുകളും അഡ്വഞ്ചർ ടൂറിസം മേഖലയുടെ വളർച്ച ലക്ഷ്യമാക്കിയുള്ള ശിപാർശകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

5. സംസ്ഥാനത്ത് മൂന്നാർ, വയനാട്, വാഗമൺ, ഗവി, കോവളം, കുമരകം തുടങ്ങി നിരവധി സ്ഥലങ്ങളിലായി കര, ജല, വായു എന്നീ ഇനങ്ങളിലായി ഒട്ടനവധി സാഹസിക ടൂറിസം ആക്ടിവിറ്റീസ് നടന്നു വരുന്നുണ്ട്. ജലാശയങ്ങളും വനമേഖലകളും മലമ്പ്രദേശങ്ങളും

ഒട്ടനവധി ഉള്ളതിനാൽ മഞ്ഞിൻ പ്രദേശങ്ങളിൽ മാത്രം ചെയ്യുവാൻ കഴിയുന്നവ ഒഴികെ ഏകദേശം എല്ലാ അഡ്വഞ്ചർ ആക്ടിവിറ്റീസിനും സംസ്ഥാനത്തെ വൈവിധ്യമാർന്ന ഭൂപ്രകൃതി അനുയോജ്യമാണ്. എന്നാൽ സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റിയ്ക്ക് പ്രത്യേക മാർഗനിർദ്ദേശങ്ങളോ രജിസ്ട്രേഷൻ സിസ്റ്റമോ നിലവിലില്ല. ആർക്കും ഇത് ആരംഭിക്കാമെന്ന അവസ്ഥയാണുള്ളത്. ആയതിനാൽ അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റീസ് നടത്തുന്നതിനാവശ്യമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും അവ സംഘടിപ്പിക്കുന്നവർ സർക്കാരിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്ന് നിഷ്കർഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. രജിസ്ട്രേഷൻ നൽകുന്നതിന് മുമ്പ് സർക്കാർ മാർഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ നടപടികളെല്ലാം പാലിച്ചിട്ടുണ്ടോ എന്ന് വിദഗ്ദ്ധ സംഘം സ്ഥലം സന്ദർശിച്ച് പരിശോധന നടത്തണമെന്നും അതിന് ശേഷം മാത്രമായിരിക്കണം രജിസ്ട്രേഷൻ നൽകുന്നതെന്ന് ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റി നിയന്ത്രിക്കുന്നതിന് ഒരു രജിസ്ട്രേഷൻ സംവിധാനം നിലവിലില്ലാത്തതിനാൽ സംസ്ഥാനത്ത് നടക്കുന്ന സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾക്കോ അതിന് പരിശീലനം കൊടുക്കുന്നവർക്കോ വേണ്ടത്ര പ്രാവീണ്യമുണ്ടോ എന്നോ ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ എടുത്തുകൊണ്ടാണോ അവ ചെയ്യുന്നതെന്നോ വ്യക്തമല്ല. പ്രത്യേകിച്ച് സാഹസിക ടൂറിസം സുരക്ഷാ നടപടികൾ പാലിച്ചില്ലെങ്കിൽ വളരെ അപകട സാധ്യതയേറിയതാകയാൽ, ഈ മേഖലയിൽ പരിശീലനം നേടിയവരുടെ സേവനം അനിവാര്യമാണ്. ആയത് സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ അഡ്വഞ്ചർ ടൂറിസം അക്കാദമി ആരംഭിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. സംസ്ഥാനത്തെ വിനോദ സഞ്ചാരികൾക്ക് മാർഗ നിർദ്ദേശം നൽകുന്ന വിനോദ സഞ്ചാര വകുപ്പിൻകീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.റ്റി.പി.സി.)ന്റെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. സംസ്ഥാനത്ത് മൂന്നാർ, കണ്ണൂർ, മുഴപ്പിലങ്ങാട് എന്നിവിടങ്ങളിൽ യുവജന ബോർഡിന്റെ സ്ഥാപനങ്ങളുണ്ടെങ്കിലും ഇവയൊക്കെ അടിസ്ഥാന സൗകര്യങ്ങളില്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും ഇത് കൂടാതെ കേന്ദ്ര ടൂറിസം വകുപ്പിന്റെ ഫണ്ടുപയോഗിച്ച് വാഗമണിൽ അഡ്വഞ്ചർ ടൂറിസത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ടൂറിസം സൊസൈറ്റി അത് ഒരു ഓപ്പറേറ്ററെ വച്ച് അഡ്വഞ്ചർ ടൂറിസം ആക്ടിവിറ്റീസ് നടത്തുന്നതായും സമിതി മനസ്സിലാക്കിയിട്ടുണ്ട്. ആയതിനാൽ യുവജന ബോർഡിന്റെ ട്രെയിനിംഗ് സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. സാഹസിക ടൂറിസം രംഗത്ത് ആവശ്യമായ മാനവവിഭവ ശേഷിയും പരിശീലനത്തിന്റെ ഗുണനിലവാരവും ഉറപ്പുവരുത്തേണ്ടതുണ്ട്. ആയത് നൂതനവും സുരക്ഷിതവുമായിരിക്കണമെന്നും കൂടാതെ സാഹസിക പ്രവർത്തനങ്ങൾ ജനകീയവൽക്കരിക്കുക വഴി സാഹസികമേഖലയുടെ തന്നെ മൊത്തത്തിലുള്ള വളർച്ചയും വികസനവും ഉണ്ടാകുമെന്നതോടൊപ്പം ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നതുമാണ്. ഇന്ത്യയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന അഡ്വഞ്ചർ അക്കാദമികളുടെ മാതൃക സ്വീകരിക്കുകയും പ്രമുഖമായ അഡ്വഞ്ചർ അക്കാദമികളുടെ സഹകരണത്തോടെ മികച്ച നിലവാരമുള്ള സാഹസിക പരിശീലനം നൽകുവാനും സാധിക്കുമെന്ന് സമിതിയ്ക്ക് ബോധ്യപ്പെടുകയുണ്ടായി.

9. തിരുവനന്തപുരം ജില്ലയിൽ നഗരത്തിൽ നിന്നും 14 കിലോമീറ്റർ മാറി വിളപ്പിൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ശാസ്താംപാറ സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 400 മീറ്റർ ഉയരത്തിലായി സ്ഥിതി ചെയ്യുന്നതാണ്. അതിമനോഹരമായ ദൃശ്യങ്ങൾ സഞ്ചാരികൾക്ക് കാഴ്ച വയ്ക്കുന്ന ശാസ്താംപാറയിൽ നിന്നു നോക്കിയാൽ വിഴിഞ്ഞം, ശംഖുമുഖം എന്നീ ബീച്ചുകൾ കാണാവുന്നതാണ്. ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് 2010-ൽ 50 ലക്ഷം രൂപ ചെലവഴിച്ച് സഞ്ചാരികൾക്ക് ഇരിക്കാൻ കൽമണ്ഡപവും കുട്ടികൾക്ക് കളിക്കാൻ ഒരു ചെറിയ പാർക്കും കൂടാതെ പാറയിലേയ്ക്ക് കയറുന്നതിനായി പടിക്കെട്ടുകളും നിർമ്മിച്ചിട്ടുള്ളതായും സമിതിയ്ക്ക് ബോധ്യപ്പെട്ടു. രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി സർക്കാർ ഒരു കോടി രൂപ അനുവദിക്കുകയും, പദ്ധതി ബഹുമാനപ്പെട്ട ദേവസ്വം-ടൂറിസം വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തിട്ടുള്ളതാണെന്നും ശാസ്താംപാറ ടൂറിസം പദ്ധതി പൂർണമായും ടൂറിസം വകുപ്പ് ഏറ്റെടുത്തു നടത്തുന്നുണ്ടെങ്കിലും വിളപ്പിൽ പഞ്ചായത്തിൽ അക്കാദമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ പദ്ധതികളൊന്നും തന്നെ ടി വകുപ്പ് ഏറ്റെടുത്തിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു.

10. പതിമൂന്ന് ഏക്കറിലായി (സമുദ്രനിരപ്പിൽ നിന്നും 400 മീറ്റർ ഉയരെ) സ്ഥിതി ചെയ്യുന്ന ശാസ്താംപാറ സാഹസിക വിനോദത്തിന് വളരെയധികം സാധ്യതയേറിയ സ്ഥലമാണെന്ന് കണ്ടെത്തിയ സമിതി പാറയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾക്കനുസൃതമായ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. കുത്തനെ കയറ്റമുള്ള പാറക്കെട്ടുകളുള്ളതിനാൽ ഇവിടം റോക്ക് ക്ലൈമ്പിങ്ങിനും റാപ്പെല്ലിംഗിനും (ഒരു റോപ്പിന്റെ സപ്പോർട്ടോടുകൂടി റോക്കിൽ നിന്നും ഇറങ്ങുന്നതിനെയാണ് റാപ്പെല്ലിംഗ് എന്ന് പറയുന്നത്) അനുയോജ്യമാണെന്ന് സമിതി കണ്ടെത്തി. മഴക്കാലങ്ങളിൽ പാറക്കെട്ടുകളിൽ പായൽ ഉണ്ടാകുന്നതിനാൽ ആ സമയത്ത് റോക്ക് ക്ലൈമ്പിംഗും റാപ്പെലിംഗും വളരെ അപകടകരമാണ്. അതിനാൽ സുരക്ഷയെ മുൻനിർത്തി ഇവിടെ കൈവരികൾ നിർമ്മിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. കത്തനെയല്ലാതെയുള്ള ചരിവ് സിപ്പ് ലൈൻ, സ്കൈ സൈക്ലിംഗ് എന്നീ സാഹസിക വിനോദങ്ങൾക്ക് അനുയോജ്യമായതിനാൽ ശാസ്താംപാറയിൽ ഇവയ്ക്ക് നല്ല സാധ്യതയുള്ളതാണ്. ജഡായു എർത്ത് സെന്ററും ശാസ്താംപാറയും ഭൂമിപരമായി സാമ്യമുള്ളതിനാൽ ജഡായു എർത്ത് സെന്ററിൽ നടത്തി വരുന്ന സാഹസിക വിനോദങ്ങൾ ശാസ്താംപാറയിൽ ആരംഭിക്കുന്ന സാഹസിക വിനോദങ്ങൾക്ക് മാതൃകയാക്കാവുന്നതാണ്. കേബിൾ കാർ സംവിധാനം, പ്രായമായവർക്കും കുട്ടികൾക്കും വിനോദത്തോടൊപ്പം പാറയുടെ മുകളിലെത്തിച്ചേരുന്നതിനുള്ള എളുപ്പമാർഗ്ഗവും ആണ്. ഇതു കൂടാതെ പൊതുവെ എല്ലാ ഭൂപ്രകൃതിക്കും അനുയോജ്യമായ സാഹസിക വിനോദങ്ങളായ പെയിന്റ് ബാൾ, ഷൂട്ടിംഗ്, ആർച്ചറി റേഞ്ച്, കൈറ്റ് ഫ്ലൈയിംഗ്, ഹ്യൂമൻ ഗൈറോ തുടങ്ങിയ നിരവധി വിനോദങ്ങളും ശാസ്താംപാറയിൽ സംഘടിപ്പിക്കണമെന്നും ഇവിടെ റോപ്‌വേ നിർമ്മിച്ച് കൂടുതൽ ടൂറിസ്റ്റുകളെ ഇവിടേയ്ക്ക് ആകർഷിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

12. ശാസ്താംപാറയിൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടത്തുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെ നിലവിലില്ലാത്തതിനാൽ പാറയുടെ മുകളിൽ ഭക്ഷണവും കുടിവെള്ളവും ലഭ്യമാക്കുന്നതിനായി ഭക്ഷണശാലകളും ശുചിമുറികളും നിർമ്മിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ശാസ്താംപാറയ്ക്ക് അഭിമുഖമായാണ് കടമ്പു പാറ നിലനിൽക്കുന്നതെന്നതിനാൽ ഈ രണ്ടു പ്രദേശങ്ങളെയും ഉൾപ്പെടുത്തി കേബിൾ കാർ, ബർമാലൂപ്പ്, ബർമാ ബ്രിഡ്ജ് തുടങ്ങിയ റോപ്പ് ആക്ടിവിറ്റീസ് നടത്തുവാൻ കഴിയുന്നതാണ്. ആയതിനാൽ കടമ്പുപാറയെയും ശാസ്താംപാറയെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംയുക്ത വിനോദസഞ്ചാര പദ്ധതി സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

14. ഇത്തരം സാഹസിക വിനോദങ്ങൾക്കൊപ്പം സംസ്ഥാനത്ത് ഒരു പരിശീലന അക്കാദമിയുടെ നിർമ്മാണവും സമിതി നിർദ്ദേശിക്കുന്നു. ദേശീയ നിലവാരമുള്ള സൗകര്യങ്ങളും പരിശീലകരെയുമാണ് സമിതി നിർദ്ദേശിക്കുന്നത്. പ്രസ്തുത അക്കാദമിയുടെ പ്രധാന കേന്ദ്രം ശാസ്താംപാറയിൽ സ്ഥാപിച്ചാൽ പലതരം അഡ്വഞ്ചർ കോഴ്സുകൾ സംഘടിപ്പിച്ച് വിദ്യാർത്ഥികൾക്ക് അവിടെ തന്നെ പരിശീലനം നൽകാൻ സാധിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ ശാസ്താംപാറയിൽ ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കണമെന്നും അതോടൊപ്പം പരിശീലന കേന്ദ്രവുമായി ബന്ധപ്പെട്ട് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. വിനോദസഞ്ചാരവും പരിശീലന കേന്ദ്രവും ഒരുമിച്ച് കൊണ്ടുപോകേണ്ടതിനാൽ അതിനായി താമസസൗകര്യവും ക്രമീകരിക്കേണ്ടതാണ്. ഇത് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും പരിശീലനം നേടുന്നതിനായി വരുന്നവരുടെ എണ്ണം

വർദ്ധിപ്പിക്കുന്നതിനും സഹായകരമാകും. ആയതിനാൽ പരിശീലകർക്കും പരിശീലിക്കുന്നവർക്കും ആവശ്യമായ ഹോസ്റ്റൽ/ഡോർമിറ്ററി സൗകര്യങ്ങൾ പരിശീലന കേന്ദ്രത്തോടൊപ്പം സ്ഥാപിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. കൂടാതെ അവധി ദിവസങ്ങളിൽ ടൂർപാക്കേജുകൾ ഉൾപ്പെടുത്തുകയാണെങ്കിൽ ഇവിടത്തെ ടൂറിസം സാധ്യത വർദ്ധിക്കുമെന്നതിനാൽ ടൂർ പാക്കേജുകളിൽ റോക്ക് ക്ലൈമ്പിംഗ്, റാപ്പെല്ലിംഗ്, സ്കൈ സൈക്ലിംഗ് തുടങ്ങിയ സാഹസിക വിനോദങ്ങളും അവയുടെ ചെറു പരിശീലന ക്യാമ്പുകളും സംഘടിപ്പിക്കേണ്ടതാണെന്നും ക്യാംപ് ഫയർ, ടെന്റ് എന്നിവ ഉൾപ്പെടുത്തി ഈ പാക്കേജുകൾ ആകർഷകമാക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. ഈ പാക്കേജിൽ ശാസ്താംപാറ കൂടാതെ ജില്ലയിലെ തന്നെ മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, വർക്കല, പൊൻമുടി, അഗസ്ത്യമല, പൂവാർ, നെയ്യാർ തുടങ്ങിയ സ്ഥലങ്ങളെയും ഉൾപ്പെടുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. സാഹസിക ടൂറിസത്തിൽ ശരിയായ സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം വളരെ പ്രധാനപ്പെട്ടതാണ്. അന്താരാഷ്ട്ര തലത്തിലുള്ള സ്റ്റാൻഡേർഡുകൾക്കനുസരിച്ചുള്ള തികച്ചും സുരക്ഷിതമായ ഉപകരണങ്ങളായിരിക്കണം അക്കാദമിയിൽ ഉപയോഗിക്കേണ്ടത്. ഒപ്പം അത്യാധുനിക സൗകര്യങ്ങളും സുരക്ഷാ ക്രമീകരണങ്ങളും പരിശീലന സമയത്ത് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സമയത്ത് ഇത്തരം സുരക്ഷാ ക്രമീകരണങ്ങളും ഉപകരണങ്ങളും വിദഗ്ദ്ധ സംഘം പരിശോധിക്കണമെന്നും കൂടാതെ ഇവ ശരിയായി പാലിക്കപ്പെടുന്നുണ്ടോ എന്ന് കൃത്യമായ ഇടവേളകളിൽ ഉറപ്പാക്കേണ്ടതാണെന്നും സമിതി നിർദ്ദേശിക്കുന്നു.

17. സാഹസിക വിനോദം വളരെ ആയാസമേറിയതായതിനാൽ ശാരീരിക അസ്വാസ്ഥ്യങ്ങൾ ഉണ്ടാകാനുള്ള സാധ്യത ഏറെയാണ്. ആയതിനാൽ പരിശീലന കേന്ദ്രത്തിൽ ഒരു ഡോക്ടറുടെ സേവനം അത്യന്താപേക്ഷിതമാണ്. ഒപ്പം ഫസ്റ്റ് എയ്ഡുകളും അത്യാവശ്യ മരുന്നുകളും പ്രാഥമിക പരിശോധനാ സൗകര്യങ്ങളോടുകൂടിയ ഒരു ക്ലിനിക്കും നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. അഡ്വഞ്ചർ ട്രെയിനിംഗ് അക്കാദമിയിൽ നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള ഹ്രസ്വ-ദീർഘകാല കോഴ്സുകളും അവയുടെ സിലബസും അഡ്വഞ്ചർ ടൂറിസത്തിന് ഒരു അടിസ്ഥാന ഘടനയും രൂപപ്പെടുത്തേണ്ടതാണ്. ഇന്ത്യയിലും ഇന്ത്യയ്ക്ക് പുറത്തുമുള്ള സാഹസിക പരിശീലന സർവ്വകലാശാലകളുടെ പ്രവർത്തനം മാതൃകയാക്കി കേരളത്തിന്റെ ഭൂപ്രകൃതിയ്ക്ക് അനുസരിച്ച് അവയെ ചിട്ടപ്പെടുത്തി സിലബസ് തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധ സംഘത്തെ ചുമതലപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. അഡ്വഞ്ചർ ട്രെയിനിംഗ് അക്കാദമി നടത്തുന്ന കോഴ്സുകൾക്ക് ഗവൺമെന്റ് അംഗീകൃത BIS സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്. കോഴ്സുകളുടെ സിലബസ് വിദ്ഗ്ദ്ധ സംഘം രൂപപ്പെടുത്തി പ്രോസ്പെക്ടസിനൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്. കോഴ്സ് ആരംഭിക്കുന്നതിന് മുന്നോടിയായി നവമാധ്യമങ്ങൾ വഴി അക്കാദമിയുടെ പ്രവർത്തനങ്ങൾ പരസ്യപ്പെടുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. അഡ്വഞ്ചർ ട്രെയിനിംഗ് അക്കാദമിയിൽ ആരംഭിക്കുന്ന കോഴ്സുകളുടെ സിലബസ്സിൽ വിവിധയിനം സാഹസിക സ്പോർട്സുകൾ പരിചയപ്പെടുത്തുന്നതിനായി തിയറി പേപ്പറുകളും അവയുടെ പ്രാക്ടിക്കൽ സെക്ഷനുകളും ഉൾപ്പെടുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ജലത്തിലുള്ള സാഹസിക വിനോദങ്ങൾക്കാവശ്യമായ പരിശീലനം സുരക്ഷ മാനദണ്ഡങ്ങൾ പാലിച്ച് വിഴിഞ്ഞം, കോവളം തുടങ്ങിയ ബീച്ചുകൾ, നെയ്യാർ എന്നിവിടങ്ങളിൽ വച്ച് നടത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. സാഹസിക പരിശീലകരെ തെരഞ്ഞെടുക്കുന്നതിനായി ഒരു സെലക്ഷൻ നടത്തേണ്ടതും ഏറ്റവും വിദഗ്ദ്ധരായ പരിശീലകരെ ഇന്ത്യയിലെ തന്നെ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നവരിൽ നിന്നും കണ്ടെത്തി അവരുടെ സേവനം അഡ്വഞ്ചർ ട്രെയിനിംഗ് അക്കാദമിയുടെ മികച്ച പ്രവർത്തനത്തിനായി ആവശ്യപ്പെടേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. പരിശീലന കേന്ദ്രത്തിൽ സുരക്ഷാ നടപടികളെപ്പറ്റിയുള്ള ക്ലാസുകൾ സംഘടിപ്പിക്കേണ്ടതും പൊതുജനങ്ങളിൽ ഇത് സംബന്ധിച്ച അവബോധം ഉണ്ടാക്കിയെടുക്കേണ്ടതുമാണ്. ആയതിലേക്കായി അക്കാദമിയിൽ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കണമെന്നും ആയത് ടൂർ പാക്കേജിനോടൊപ്പം ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഇതോടൊപ്പം രക്ഷാമാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകണമെന്നും ഫസ്റ്റ് എയ്ഡ് നൽകുന്നതിനുള്ള പരിശീലനം നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

23. ലോകശ്രദ്ധയാകർഷിക്കത്തക്ക തരത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ പട്ടുത്തുയർത്തുവാനും അതുവഴി സാഹസിക വിനോദസഞ്ചാരികളുടെ പറുദീസയായി സംസ്ഥാനത്തെ മാറ്റുവാനും ശാസ്താംപാറയിൽ വിഭാവനം ചെയ്തിട്ടുള്ള സംസ്ഥാനത്തെ ആദ്യ സാഹസിക വിനോദസഞ്ചാര അക്കാദമിയ്ക്ക് കഴിയുമെന്ന് സമിതി പ്രത്യാശിക്കുന്നു.

തിരുവനന്തപുരം,
2021 ജനുവരി 12.

 റ്റി. വി. രാജേഷ്
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും,*
*സംബന്ധിച്ച സമിതി.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.